# Joint Press Statement - Meeting of External Affairs Minister and the Foreign Minister of China (September 10, 2020)

September 10, 2020

---

## സംയുക്ത മാധ്യമ പ്രസ്താവന - വിദേശകാര്യമന്ത്രിയും ചൈനീസ് വിദേശകാര്യമന്ത്രിയും തമ്മിലുള്ള യോഗം (സെപ്റ്റംബർ 10, 2020)

സെപ്റ്റംബർ 10, 2020

ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ (SCO) സമ്മേളനത്തോടനുബന്ധിച്ച് സെപ്റ്റംബർ 10 ന് വിദേശകാര്യമന്ത്രി ഡോ.എസ് ജയശങ്കറും ചൈനീസ് സ്റ്റേറ്റ് കൗൺസിലറും വിദേശകാര്യമന്ത്രിയുമായ ശ്രീ.വാങ് യി യുമായി സമ്മേളനം നടത്തി.ഇരു മന്ത്രിമാരും തമ്മിൽ ഇന്ത്യ -ചൈന ബന്ധങ്ങളെക്കുറിച്ചും ഇന്ത്യ ചൈന അതിർത്തിയിലെ സംഭവവികാസങ്ങളെക്കുറിച്ചും സ്വതന്ത്രവും ക്രിയാത്മകമായ ചർച്ചകൾ നടത്തുകയുണ്ടായി:

1. ഇരു വിഭാഗങ്ങളും ഇന്ത്യ ചൈന ബന്ധങ്ങളിൽ നേതാക്കൾ സ്വീകരിച്ചിട്ടുള്ള ഐക്യഅഭിപ്രായങ്ങളിൽ നിന്നും മാർഗനിർദേശങ്ങൾ സ്വീകരിക്കണമെന്ന് ഇരു നേതാക്കളും അംഗീകരിച്ചു, ഇതിൽ വ്യതിയാനങ്ങളെ തർക്കങ്ങൾ ആക്കാതിരിക്കുന്നതും ഉൾപ്പെടുന്നു.

2. അതിർത്തിയിൽ നിലവിലെ സാഹചര്യങ്ങൾ ഇരു രാജ്യങ്ങൾക്കും അനുകൂലമല്ല എന്ന് ഇരു മന്ത്രിമാരും സമ്മതിക്കുകയുണ്ടായി.ഇരു ഭാഗത്തെയും ബോർഡർ ട്രൂപ്പുകൾ സംഭാഷണങ്ങൾ തുടരണമെന്നും , വേഗത്തിൽ തന്നെ പിന്മാറ്റം നടത്തുകയും ഉചിതമായ അകലം പാലിച്ചു സംഘർഷങ്ങൾ കുറയ്ക്കണമെന്നും സമ്മതിച്ചു.

3. ചൈന -ഇന്ത്യ അതിർത്തിയിൽ ഇരു വിഭാഗങ്ങളും നിലനിൽക്കുന്ന എല്ലാ ഉടമ്പടികളും നയങ്ങളും പാലിക്കണമെന്നും സമാധാനവും ശാന്തിയും നിലനിർത്തണമെന്നും കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു പ്രവർത്തനങ്ങൾ എല്ലാം തന്നെ ഒഴിവാക്കണമെന്നും ഇരു മന്ത്രിമാരും അഭിപ്രായപ്പെട്ടു.

4. ഇന്ത്യ -ചൈന അതിർത്തി പ്രശ്നത്തിൽ പ്രത്യേക പ്രതിനിധികൾ വഴിയുള്ള ചർച്ചയും ആശയവിനിമയവും തുടരണമെന്നും ഇരു വിഭാഗങ്ങളും അഭിപ്രായപ്പെട്ടു.ഈ പശ്ചാത്തലത്തിൽ വർക്കിങ് മെക്കാനിസം ഫോർ കൺസൾട്ടേഷൻ ആൻഡ് കോർഡിനേഷൻ ഓൺ ഇന്ത്യ ചൈന അഫയേഴ്സ് (WMCC) കൂടി തങ്ങളുടെ സമ്മേളനങ്ങൾ തുടരണമെന്നും അവർ സമ്മതിച്ചു.

5.സാഹചര്യങ്ങൾ മെച്ചപ്പെടുമ്പോൾ, അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തതയും മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമായി പുതിയ ആത്മവിശ്വാസം വളർത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നതിനോട് മന്ത്രിമാർ അനുകൂലിച്ചു.

**മോസ്കോ**
**10 സെപ്റ്റംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release